# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *157 01.02.2018-ലെ മറുപടിക്ക്

## സിവിൽ സർവീസ് കാര്യക്ഷമമാക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി.കെ.സി. മമ്മത്കോയ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സർക്കാർ നയങ്ങൾ പ്രാവർത്തികമാക്കേണ്ട സിവിൽ സർവീസ് അതിനു പര്യാപ്തമായ വിധം കാര്യക്ഷമമല്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനു ദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ; | (എ) | നിയമനിർമ്മാണ പ്രക്രിയയിലും നിയമങ്ങൾ ഉണ്ടാക്കുന്നതിലും സംസ്ഥാനത്ത് പൗരന്മാർ പങ്കെടുക്കുന്നത് സുഗമമാക്കുന്നതും, സർക്കാർ പരിപാടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കുന്നതും വ്യവസ്ഥ ചെയ്തു കൊണ്ടുള്ള സോഷ്യൽ അക്കൗണ്ടബിലിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നതിനായി സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച് സമാഹൃത റിപ്പോർട്ട് പ്രതിമാസ പത്രികയായി, നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന സർക്കാരിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്ക് മികച്ച സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതി നോടൊപ്പം ജീവനക്കാർ പൊതു സമൂഹത്തിന് നൽകേണ്ട സേവനങ്ങൾ യഥാസമയം നൽകുന്നുവെന്ന് ഉറപ്പാക്കാൻ ആവശ്യമായ ഇടപെടൽ ഉണ്ടാകുമോ; | (ബി) | ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജീവനക്കാർക്ക് നൽകി വരുന്ന പരിശീലനം, കൃത്യനിർവഹണ ത്തിനായുള്ള സാങ്കേതിക അറിവു മാത്രം പകർന്നു നൽകുന്ന നിലവിലെ രീതിയിൽ നിന്ന് വ്യത്യസ്തമായി കർത്തവ്യ ബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്ന തരത്തിൽ പുന:ക്രമീകരിക്കുമോ; | (സി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള 'മികവിന്റെ കേന്ദ്ര' ത്തിന്റെ ആഭിമുഖ്യത്തിൽ പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും വർദ്ധിപ്പിക്കുന്നതിനും തൊഴിൽപരമായ ശേഷി ഉയർത്തുന്നതിനും കർത്തവ്യ ബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്നതിനും സഹായകമാകുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. നിലവിൽ ജീവനക്കാർക്ക് ഐ.എം.ജി മുഖേന നൽകി വരുന്ന പരിശീലനം കൃത്യ നിർവ്വഹണ ത്തിനായുള്ള സാങ്കേതിക അറിവും അതോടൊപ്പം കർത്തവ്യ ബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്ന തരത്തിലുള്ളതാണ്. ഐ.എം.ജി പരിശീലനങ്ങൾ ഉദ്യോഗസ്ഥരുടെ അറിവ്, പ്രാവിണ്യം, മനോഭാവം എന്നിവയിൽ പൊതുജനോപകാര പ്രദമായ രീതിയിൽ മാറ്റങ്ങൾ വരുത്തുവാൻ ഉതകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാങ്കേതിക പരിശീലന പരിപാടികളിലും കർത്തവ്യ നിർവ്വഹണവും സാമൂഹ്യാവബോധവും മെച്ചപ്പെടുത്തുന്നതിനായി സെഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച പരിശീലന നയത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. നിലവിൽ 55 ഓളം സർക്കാർ വകുപ്പുകൾക്കാണ് ഐ.എം.ജി പരിശീലനം നൽകുന്നത്. കർത്തവ്യ നിർവ്വഹണ ബോധം സൃഷ്ടിക്കുന്നതിന് കേസ് സ്റ്റഡികൾ, വീഡിയോ ഫിലിമുകൾ, മോട്ടിവേഷൻ കഥകൾ, പൊതുജനങ്ങളുമായുള്ള സംവാദം എന്നിവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (ഡി) | സിവിൽ സർവീസ് മെച്ചപ്പെടുത്തുവാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായവും സോഷ്യൽ ഓഡിറ്റിംഗ് | (ഡി) | സിവിൽ സർവീസ് മെച്ചപ്പെടുത്തുന്ന തിന്റെ ഭാഗമായി അനായാസവും വേഗത്തിലുമുള്ള ഫയൽ പ്രോസസിംഗ് |

| | | | |
|---|---|---|---|
| | പോലുള്ള സാമൂഹ്യ നിയന്ത്രണവും സാധ്യമാകുമോ എന്ന് പരിശോധിക്കുമോ? | | സാധ്യമാക്കുന്നതിനായി സെക്രട്ടേറിയറ്റ്, 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ 19 ഡയറക്ടറേറ്റുകൾ / കമ്മീഷണറേറ്റുകൾ എന്നിവിടങ്ങളിൽ പൂർണ്ണമായും, 6 കളക്ടറേറ്റുകൾ 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ